(ബി) സംസ്ഥാനത്ത് നിന്നും സംഭരിക്കുന്ന അടയ്ക്കയ്ക്ക് അവസാന വാങ്ങൽ സമയത്താണ് നികുതി. ആയതിനാൽ ഇത് കർഷകരെ പൂർണ്ണമായും നേരിട്ട് ബാധിക്കാനിടയില്ല. എന്നാൽ സംസ്ഥാനത്തിന് വെളിയിൽ നിന്നും സംസ്ഥാനത്ത് കൊണ്ടുവന്ന് വില്ക്കുന്ന അടയ്ക്കയ്ക്ക് ആദ്യവില്പന പോയിന്റിൽ ഏർപ്പെടുത്തിയിട്ടുള്ള നികുതി സംസ്ഥാനത്തെ കർഷകന് ഗുണകരമാണ്.

(സി) ഇതു സംബന്ധിച്ച നിവേദനങ്ങൾ ലഭിക്കാറുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മലബാറിലേക്ക് കള്ളക്കടത്തു വഴിയുള്ള നികുതി നഷ്ടം

44 [327] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, എൻ. ഡി. അപ്പച്ചൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നിന്ന് അന്യ സംസ്ഥാനങ്ങളിലേക്ക് മലബാറുകൾ കള്ളക്കടത്ത് നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് വില്പന നികുതിയിനത്തിൽ നഷ്ടം ഉണ്ടാകാറുണ്ടോ;

(സി) എങ്കിൽ ഈയിനത്തിൽ പ്രതിവർഷം എന്തു തുക നഷ്ടമുണ്ടാകുന്നു;

(ഡി) സംസ്ഥാനത്ത് ഈടാക്കുന്ന മലബാറുകളുടെ വില്പന നികുതി, മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതിക്ക് തുല്യമാക്കുന്നതുമൂലം ഈ കള്ളക്കടത്ത് തടയുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കള്ളക്കടത്ത് നടക്കുന്നതായിട്ടാണ് അറിവ്. ഇത് തടയുന്നതിനായി കൂടുതൽ ചെക്കുപോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മലബാറുകൾ "നോട്ടിഫൈഡ്" സാധനങ്ങളായി ഉൾപ്പെടുത്തി പെർമിറ്റോടുകൂടി മാത്രമേ കൊണ്ടുപോകുവാൻ പാടുള്ളൂ എന്ന നിബന്ധനയും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കള്ളക്കടത്ത് നടത്തുന്നത് നികുതി വെട്ടിപ്പിന് വേണ്ടിയായതിനാൽ, ഇതുമൂലം നികുതിയിനത്തിൽ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. കള്ളക്കടത്ത് തടയുന്നതിന് വേണ്ടി നടപടികൾ കൈക്കൊള്ളുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) മലഞ്ചരക്കുകൾ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമായതുകൊണ്ട് നികുതി നിരക്ക് ഏകീകരിക്കുന്നതിനു മുമ്പ് വിശദമായ പഠനം ആവശ്യമാണ്.

റബ്ബർതടി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള നിരോധനം നീക്കിയ നടപടി

45 [328] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർതടി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള നിരോധനം നീക്കിയതുവഴി കേരളത്തിലെ മര വ്യവസായ രംഗത്തുനിന്ന് ലഭിക്കുന്ന വില്പന നികുതി വരുമാനം ഗണ്യമായി കുറയുമെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നഷ്ടമാകുന്ന നികുതി വരുമാനം സർക്കാർ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ;

(സി) മര വ്യവസായ രംഗത്തുനിന്നും വർഷംതോറും ശരാശരി എത്ര രൂപയാണ് നികുതിയിനത്തിൽ ലഭിച്ചിരുന്നത്;

(ഡി) ഖജനാവിന് വൻ നഷ്ടമുണ്ടാക്കുന്ന പ്രസ്തുത തീരുമാനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രതിവർഷം ശരാശരി 20 കോടി രൂപ നികുതി ഇനത്തിൽ ലഭിക്കുന്നു.

(ഡി) തൽക്കാലം തീരുമാനിച്ചിട്ടില്ല.

വെള്ളൂരിലെ കൊച്ചിൻ സിമെന്റ്സ് കമ്പനിക്ക് നല്കിയിട്ടുള്ള നികുതിയിളവ്

46 [329] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളൂരിലെ കൊച്ചിൻ സിമന്റ്സ് കമ്പനിക്ക് എന്തെങ്കിലും നികുതി ഇളവ് നൽകിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയോ, ഉത്തരവിടുകയോ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly